**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4138** **28-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ആസ്ഥാനമായി സ്പാർക്കിന്റെ പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്ന വിവിധ ബില്ലുകളിലെ തകരാറുകൾ പരിഹരിക്കുന്നതിനും വടക്കൻ ജില്ലകളിലുള്ളവർക്ക് തിരുവനന്തപുരത്തെ കേരള സർവകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലേക്ക് ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്നത് പ്രയാസമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല .തിരുവനന്തപുരം സ്പാർക്ക്(പി.എം.യു)ഓഫീസിൻറെ നേരിട്ടുള്ള നിയന്ത്രണത്തിൽ 7 ജില്ലകളിലെ (കൊല്ലം,പത്തനംതിട്ട,കോട്ടയം,ആലപ്പുഴ,എറണാകുളം,മലപ്പുറം,കാസർഗോഡ് ) ജില്ലാ ട്രഷറികളിൽ ഹെൽപ്പ് ഡെസ്ക് നിലവിലുള്ളതുകൊണ്ടും കൂടാതെ എറണാകുളം , കണ്ണൂർ എന്നീ ജില്ലകളിൽ രണ്ടു റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നതുകൊണ്ടും സർവീസ്/ബിൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വടക്കൻ ജില്ലകളിലുള്ളവർക്ക് തിരുവനന്തപുരത്തെ കേരള സർവകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലേക്ക് ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്ന സാഹചര്യം നിലവിലില്ല. |
| (ബി) | കണ്ണൂരിൽ നിലവിലുള്ള സ്പാർക്കിന്റെ റീജിയണൽ ഓഫീസിന് പരിമിതമായ അധികാരങ്ങൾ മാത്രമേ ഉള്ളൂ എന്നത് പരിഗണിച്ച് കോഴിക്കോട് ആസ്ഥാനമായി അധികാരപരിധി വിപുലപ്പെടുത്തി സ്പാർക്കിന്റെ ഒരു പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പുതിയ റീജിയണൽ ഓഫീസ് ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിൻറെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ